9/2/20
Sund

# പ്ലസ് ടു സ്കൂളുകൾക്ക് എക്സലൻസ് അവാർഡ്

തൃശൂർ: കൊരട്ടി പൊങ്ങം നൈപുണ്യ കോളജിന്റെ നേതൃത്വത്തിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി എക്സലൻസ് അവാർഡ് ഏർപ്പെടുത്തി. പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷിക്കുന്ന നൈപുണ്യ എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലുമായ റവ.ഡോ. പോളച്ചൻ കൈത്തോട്ടുങ്ങലിന്റെ ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ടാണ് ഈ വർഷത്തെ പുരസ്കാരം.

അക്കാഡമിക്, പരിസ്ഥിതിസംരക്ഷണം, സാമൂഹികനീതി എന്നീ മൂന്നു വിഭാഗങ്ങളിലെ നേട്ടങ്ങൾ വിലയിരുത്തിയാണ് അവാർഡ് നൽകുക. വിദഗ്ധസംഘം നേട്ടങ്ങൾ വിലയിരുത്തും. തൃശൂർ, എറണാകുളം ജില്ലകളിൽനിന്നുള്ള സ്റ്റേറ്റ്, സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകൾക്ക് അപേക്ഷിക്കാം. ഓരോ അവാർഡും 10,000 രൂപയും പ്രശസ്തിപത്രവും അടങ്ങിയതായിരിക്കും.

26നു നൈപുണ്യ കോളജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ അവാർഡുകൾ കൈമാറും. ഫോൺ: 9744224910.